# മതം ഗുണകാംക്ഷയാണ്

ശൈഖ് സ്വാലിഹ് ആലുശൈഖ് (حَفِظَهُ الله)

വിവ: അബൂ അമീൻ

عَنْ أَبِي رُقَيَّةَ تَمِيمِ بْنُ أَوْسٍ الدَّارِيّ ﷺ قَالَ: إنَّ رَسُولَ اللهِ ﷺ قَالَ « الدِّينُ النَّصِيحَةُ » قُلْنَا لِمَنْ ؟ قَالَ « لِلَّهِ وَلِكِتَابِهِ وَلِرَسُولِهِ وَلأَئِمَّةِ الْمُسْلِمِينَ وَعَامَّتِهِمْ » رواه مسلم

അബൂറുകിയ്യ തമീമുബ്നു ഔസിദ്ദാരി(ﷺ)വിൽ നിന്ന് നിവേദനം: റസൂലുല്ലാഹി(ﷺ) പറഞ്ഞു: സാക്ഷാൽ മതം ഗുണകാംക്ഷയാണ്. ഞങ്ങൾ ചോദിച്ചു: ആരോട്? അദ്ദേഹം പറഞ്ഞു: അല്ലാഹുവോടും അവന്റെ കിത്താബിനോടും അവന്റെ റസൂലിനോടും മസ്‌ലിം നേതാക്കളോടും അവരിലെ പൊതുജനങ്ങളോടും.[1]

തമീമുദ്ദാരിയുടെ ഈ ഹദീഥ് ദീൻ മുഴുവൻ ഉൾക്കൊള്ളുന്ന അതായത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും അവന്റെ അടിമകളുടേയും അവകാശങ്ങൾ ഉൾക്കൊള്ളുന്ന മഹത്തായ സമഗ്രദീഥുകളിൽപെട്ട ഒന്നാണ്. ആ അവകാശങ്ങളെല്ലാം നസ്വീഹത്ത് (ഗുണകാംക്ഷ) എന്ന ഒറ്റവാക്കിൽ ഒതുക്കിയിരിക്കുന്നു.

النُّصح എന്ന വാക്കിൽ നിന്നാണ് النَّصِيحَة ഉണ്ടായത്. النُّصح എന്ന വാക്കിന് പ്രധാനമായും രണ്ട് ആശയങ്ങളാണുള്ളത്.

**ഒന്ന്**: ന്യൂനതയിൽ നിന്നും കലർപ്പിൽ നിന്നും മുക്തമായിരിക്കുക. ناصح (നാസ്വിഹ്) ആയ തേൻ എന്നാൽ കലർപ്പില്ലാത്ത ശുദ്ധമായ തേൻ എന്നർത്ഥം.

**രണ്ട്**: രണ്ടുകാര്യങ്ങൾ പിന്നീട് പിരിയാനാകാത്ത വിധം സമ്മേളിക്കുക. അങ്ങനെ രണ്ടും അങ്ങേയറ്റം യോജിക്കുന്ന വിധത്തിൽ ഒന്നിന് മറ്റേതുമായി ബന്ധമുണ്ടായിരിക്കുക. ഒരു തുന്നൽക്കാരനെ ناصح (നാസ്വിഹ്) എന്നു പറഞ്ഞാൽ രണ്ടറ്റവും യോജിപ്പിക്കുന്നവൻ എന്ന അർത്ഥത്തിലാണത്.

ഈ ഹദീഥിൽ النَّصِيحَة കൊണ്ടുദ്ദേശിക്കുന്നത് ഒരാൾക്ക് നന്മ കാംക്ഷിക്കുക എന്നതാണ്. പൊതുവേ ഭാഷയിൽ നസ്വീഹത്തിന്റെ ആശയം ഗുണകാംക്ഷ എന്നാണ്. മുസ്‌ലിം നേതാക്കളോടും പൊതുജനങ്ങളോടും ബന്ധപ്പെട്ടുള്ള ഗുണകാംക്ഷയാണ് വിവക്ഷ.

രണ്ടു സംഗതികൾക്കിടയിൽ പിരിയാനാവാത്ത ബന്ധമുണ്ടായിരിക്കുക എന്ന അർത്ഥത്തിൽ നസ്വീഹത്ത് എന്നാൽ അടിമക്ക് തന്റെ റബ്ബിനോടുള്ള ബന്ധമാണ്. അതിൽ നിർബന്ധവും സുന്നത്തുമായ ധാരാളം അവകാശങ്ങളുണ്ട്. അതുപോലെ ഖുർആനിന്റെ അവകാശങ്ങളും മുഹമ്മദ്(ﷺ)യുടെ അവകാശങ്ങളുമുണ്ട്.

നബി(ﷺ) പറഞ്ഞു: സാക്ഷാൽ ദീൻ ഗുണകാംക്ഷയാണ്. അതായത് ദീനിനെ മുഴുവൻ നന്മ കാംക്ഷിക്കാനുള്ളതായി നിശ്ചയിച്ചിരിക്കുന്നു. കാരണം ഗുണകാംക്ഷ ഫർദും സുന്നത്തുമായ മുഴുവൻ ദീനിനേയും ഒരുമിച്ചു ചേർക്കുന്ന സംഗതിയാണ്. ആരോടാണ്

[1] മുസ്‌ലിം(55)

ഗുണകാംക്ഷ പ്രവാചകരേ എന്ന ചോദ്യവും അതിന്നുള്ള ഉത്തരവും അക്കാര്യം വ്യക്തമാക്കുന്നുണ്ട്.

ചില പണ്ഡിതർ പറഞ്ഞു: അതായത് ദീൻ ഗുണകാംക്ഷയാണ് എന്നതിന്റെ അർത്ഥം ദീനിന്റെ വലിയ പങ്കും ഗുണകാംക്ഷയാണ് എന്നാണ്. പ്രാർത്ഥന തന്നെയാണ് ആരാധന, ഹജ്ജ് അറഫയാണ് എന്നൊക്കെ പറഞ്ഞ പോലെ. എന്നാൽ ഗുണകാംക്ഷയുള്ള ഏതൊരു വസ്തുതയും ഉണ്ടാകുന്നത് ചിന്തിച്ചാൽ അതു ദീനിനെ മുഴുവൻ ഒരുമിച്ചു ചേർക്കുന്നതായി കാണാം, വിശ്വാസങ്ങളിലും ആരാധനകളിലും സൃഷ്ടിയുടെ അവകാശങ്ങളിലും അങ്ങനെ ഏതുരൂപത്തിൽ അവകാശമുണ്ടോ അത്തരം എല്ലാ അവകാശങ്ങളിലും.

അവർ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ (ഗുണകാംക്ഷ) ആരോടാണ്? അതായത് മതത്തിൽ ഗുണകാംക്ഷ അർഹിക്കുന്നത് ആരൊക്കെയാണ് എന്നർത്ഥം. അപ്പോൾ നബി(ﷺ) ഉത്തരം നൽകിയത് അല്ലാഹുവിനോടും അവന്റെ കിത്താബിനോടും അവന്റെ റസൂലിനോടും മുസ്‌ലിം നേതാക്കളോടും അവരിലെ പൊതുജനങ്ങളോടും എന്നാണ്. ഈ ഉത്തരത്തിൽ ഉൾക്കൊള്ളുന്ന കാര്യങ്ങൾ ഇവയാണ്:

## അല്ലാഹുവിനോടുള്ള ഗുണകാംക്ഷ

അല്ലാഹുവിന്റെ അവകാശങ്ങളിൽ واجب(വാജിബ്) ആണെങ്കിലും (നിർബന്ധം) مستحب (മുസ്തഹബ്ബ്) ആണെങ്കിലും (ഐച്ഛികം) മുഴുവൻ നിറവേറ്റിക്കൊടുക്കാനുള്ള സമഗ്രമായ ഒരു വാചകമാണത്.

അല്ലാഹുവിന്റെ അവകാശങ്ങളിൽ വാജിബായത് അവനിൽ വിശ്വസിക്കുക, അവന്റെ റുബൂബിയ്യത്തിലും (രക്ഷാകർതൃത്വം) ഉലൂഹിയ്യത്തിലും (ആരാധ്യത) അവന്റെ നാമവിശേഷണങ്ങളിലും വിശ്വസിക്കുക, അവൻ മാത്രമാണ് ഈ സർവാധികാരത്തിലും വ്യവഹരിക്കുന്നതെന്ന് വിശ്വസിക്കുക, അവന്റെ റുബൂബിയ്യത്തിൽ യാതൊരു പങ്കു കാരനുമില്ലെന്നു വിശ്വസിക്കുക, അവന്റെ അധികാരത്തിൽ മറ്റാർക്കും നിയന്ത്രണമില്ലെന്നും അവൻ ഉദ്ദേശിക്കുന്നതു മാത്രമാണ് ഉണ്ടാവുകയെന്നും അവൻ ഉദ്ദേശിക്കാത്തത് ഉണ്ടാവുകയില്ലെന്നും അവൻ ഉദ്ദേശിക്കുന്നത് അവൻ വിധിക്കുമെന്നും അവൻ ഉദ്ദേശിക്കുന്നത് അവൻ പ്രവർത്തിക്കുമെന്നും വിശ്വസിക്കുക എന്നിവയാണ്.

ഉലൂഹിയ്യത്തിൽ അല്ലാഹുവിനോടുള്ള ഗുണകാംക്ഷയെന്നാൽ ആരാധനയുടെ എല്ലാ ഇനങ്ങളും അവന്നു മാത്രമേ സമർപ്പിക്കാവൂ എന്നും അല്ലാഹുവല്ലാത്ത ഒരാളിലേക്കും ആരാധനയുടെ വകഭേദങ്ങളിലൊന്നും തിരിച്ചുവിടരുതെന്നുമാണ്. അല്ലാഹു വല്ലാത്തവരിലേക്ക് തിരിച്ചു വിടപ്പെടുന്ന ഏതൊരു ആരാധനയും അല്ലാഹുവിനോടുള്ള ഗുണകാംക്ഷയുടെ പുറത്താണ്. അതായത് അവന്നുള്ള അവകാശങ്ങൾ നിർവഹിക്കുന്നതിന്ന് പുറത്താണ്.

നാമങ്ങളിലും വിശേഷണങ്ങളിലും അല്ലാഹുവിനുള്ള ഗുണകാംക്ഷയെന്നാൽ അവന്ന് ഉത്തമ നാമങ്ങളും ഉന്നത വിശേഷണങ്ങളുമുണ്ടെന്നും അവന്ന് നാമവിശേഷണങ്ങളിൽ ആരും തുല്യരായി ഇല്ലെന്നും സമന്മാർ ഉണ്ടാവില്ലെന്നും നാം വിശ്വസിക്കലാണ്.

അല്ലാഹു പറയുന്നു:

﴿ هَلۡ تَعۡلَمُ لَهُۥ سَمِيّٗا ٦٥ ﴾ مريم: ٦٥

'അവന്ന് പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയാമോ?' (19:65).

﴿ وَلَمۡ يَكُن لَّهُۥ كُفُوًا أَحَدُۢ ٤ ﴾ الإخلاص: ٤

'അവന്ന് തുല്യനായി ആരും ഇല്ലതാനും' (112:4).

﴿لَيۡسَ كَمِثۡلِهِۦ شَيۡءٞۖ وَهُوَ ٱلسَّمِيعُ ٱلۡبَصِيرُ ١١﴾ الشورى: ١١

'അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു' (2:11).

തീർച്ചയായും അല്ലാഹുവിന്ന് സ്ഥിരപ്പെട്ടു വന്ന ഉത്തമനാമങ്ങളും ഉന്നതവിശേഷണങ്ങളും ഓരോ മുസ്‌ലിമും വിശ്വസിക്കുന്നു. അവന്റെ നാമവിശേഷണങ്ങളിൽ അവന്ന് തുല്യനായി ഒരാളുമില്ലെന്ന് മുസ്‌ലിം വിശ്വസിക്കുന്നു.

എന്നാൽ വിശേഷണങ്ങളിൽ അല്ലാഹുവിന്ന് സൃഷ്ടികളുടേതു പോലെ ശരീരം കൽപിക്കുന്ന വിശ്വാസം അവന്നുള്ള വാജിബായ ഗുണകാംക്ഷ വർജ്ജിക്കലാണ്. അതിരു കവിയലുമാണ്. അല്ലാഹുവിന്ന് നിർഗുണത്വം പ്രഖ്യാപിക്കുന്നതും അങ്ങനെത്തന്നെ. അവന്റെ നാമ വിശേഷണങ്ങളുടെ കാര്യത്തിൽ അവന്ന് ഉത്തമനാമങ്ങളും ഉന്നത വിശേഷണങ്ങളുമുണ്ടെന്ന് സാദൃശ്യം പറയാതെയും നിർഗുണത്വം ആരോപിക്കാതെയും വ്യതിയാനമില്ലാതെയും വ്യാഖ്യാനിക്കാതേയും അവനു യോജിച്ച വിധം നീ സ്ഥിരപ്പെടുത്തലാണ് നിനക്കും അല്ലാഹുവിന്നുമിടയിൽ യോജിപ്പുണ്ടാക്കുന്ന അവനോടുള്ള ഗുണകാംക്ഷ.

**നേതാക്കളോടുള്ള നിങ്ങളുടെ ഗുണകാംക്ഷയിൽ പെട്ടതാണ് അവർക്ക് നിങ്ങൾ സന്ദർഭോചിതം ഉപദേശങ്ങൾ നൽകണമെന്നത്. അതായത് തന്നോട് ബന്ധം പുലർത്തുന്നവരിൽ മതപരമായ വശം വിട്ടുകടക്കുകയോ അവരുടെ പിഴവുകൾ ശ്രദ്ധയിൽ പെടുകയോ ചെയ്താൽ അത് അവരെ ഉണർത്തണം.**

അല്ലാഹുവിനോടുള്ള ഗുണകാംക്ഷയിൽപെട്ട മറ്റൊരു കാര്യമാണ് അവൻ സ്നേഹിക്കപ്പെടുക എന്നതും അവന്റെ കൽപന പിന്തുടരപ്പെടുക എന്നതും അവന്റെ ശരീഅത്ത് അനുധാവനം ചെയ്യപ്പെടുക എന്നുള്ളതും അവന്റെ വർത്തമാനം അംഗീകരിക്കുക എന്നതും അനുസരണം അവന്നു മാത്രമാക്കി ഒരു മനുഷ്യൻ തന്റെ ഹൃദയം കൊണ്ട് അവനെ അംഗീകരിക്കുക എന്നുള്ളതും.

ഓരോരുത്തരുടേയും സംസാരങ്ങളിലും പ്രവർത്തനങ്ങളിലും ഉണ്ടായിരിക്കേണ്ട ആത്മാർത്ഥതയും അല്ലാഹുവിന്റെ അവകാശമാണ്. ലോകമാന്യമോ കീർത്തിയോ ഹൃദയത്തിലുണ്ടാവാതെ സൂക്ഷിക്കണം. അല്ലാത്ത പക്ഷം അല്ലാഹുവിന്റെ പക്ഷത്ത് ഓരോ സൃഷ്ടിയും നിസ്സാരനാണെന്നും അല്ലാഹു രഹസ്യത്തിലും പരസ്യത്തിലും അവനെ നിരീക്ഷിക്കുന്നുണ്ടെന്നും ഓർക്കണം. അല്ലാഹുവിനു പ്രിയങ്കരമായ ഏതൊരു കാര്യം ചെയ്യുമ്പോഴും അത് അല്ലാഹുവിനു വേണ്ടി മാത്രമായിരിക്കൽ അവന്റെ അവകാശമാണ്. എല്ലാം പരലോകത്ത് കാണും എന്ന ബോധമുണ്ടാകണം. അത്തരം കാര്യങ്ങൾ വാജിബാണെങ്കിൽ അവനോടുള്ളത് വാജിബായ ഗുണകാംക്ഷയും ഐച്ഛികമാണെങ്കിൽ ഐച്ഛികമായ ഗുണകാംക്ഷയുമായിരിക്കും.

## വേദഗ്രന്ഥത്തോടുള്ള ഗുണകാംക്ഷ

അതായത് നാം ക്വുർആനിന്ന് അതിന്റെ അവകാശം നൽകണം. ക്വുർആൻ അല്ലാഹുവിന്റെ വചനമാണെന്നും നിശ്ചയമായും അത് അല്ലാഹുവിന്റെ മഹത്തായ ദൃഷ്ടാന്തമാണെന്നും വിശ്വസിക്കണം. അത് അന്തിമനാൾ വരെയുള്ള തെളിവും അഖിലപ്രവാചകന്മാർക്കുമുള്ള ദൃഷ്ടാന്തങ്ങളിൽ വച്ച് ഏറ്റവും മഹോന്നതമായതുമാണെന്നും വിശ്വസിക്കണം.

നിശ്ചയം, ഈ ക്വുർആൻ, അതിലാണ് സന്മാർഗദർശനവും പ്രകാശവുമുള്ളത്. അല്ലാഹു പറയുന്നു:

﴿إِنَّ هَٰذَا ٱلۡقُرۡءَانَ يَهۡدِي لِلَّتِي هِيَ أَقۡوَمُ﴾ الإسراء: ٩

'തീർച്ചയായും ഈ ഖുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുന്നു' (17:9).

ക്വുർആനിൽ അല്ലാഹു കൽപിച്ച വിധികൾ നടപ്പാക്കൽ ഓരോരുത്തർക്കും നിർബന്ധമാണ്. വിലക്കിയത് മുഴുവൻ നിർബന്ധമായും വർജ്ജിക്കുകയും വേണം. ക്വുർആൻ പറഞ്ഞ ഏതൊരു കാര്യവും ഒട്ടും സംശയമില്ലാതെ അംഗീകരിക്കണം. അതെല്ലാം ക്വുർആനിന്റെ അവകാശവും ക്വുർആനിനോടുള്ള ഗുണകാംക്ഷയുമാണ്.

ക്വുർആൻ ധാരാളമായി പാരായണം ചെയ്യണമെന്നത് അതിന്റെ مستحب ഐച്ഛികമായ അവകാശങ്ങളിൽ പെട്ടതാണ്. ക്വുർആൻ പാരായണം ചെയ്യുന്നതും അതിനെക്കുറിച്ച് ചിന്തിക്കുന്നതും അതുമുഖേന ചികിത്സ നടത്തുന്നതും അതിനെ ഉപേക്ഷിക്കാതിരിക്കലും ക്വുർആനിന്റെ അവകാശങ്ങളിൽ പെട്ടതാണ്. നബിചര്യയിൽ വ്യക്തമായതും, അതു പോലുള്ള മുഴുവൻ കാര്യങ്ങളും അതിനോടുള്ള ഗുണകാംക്ഷയാണ്.

ഇത് مُكَلَّف(മുകല്ലഫായ)[2] അടിമക്കും ക്വുർആനിന്നുമിടയിലുള്ള പരസ്പര സ്നേഹ ത്തോടെയുള്ള ബന്ധത്തിൽപെട്ടതാണ്. ഇവിടുത്തെ ഗുണകാംക്ഷ അടിമക്കും ക്വുർആനിന്നുമിടയിലുള്ള ചേർച്ചയും ഒത്തുചേരലുമാണ്. അടിമ ക്വുർആനിനോടുള്ള അവകാശം വീട്ടാതെ അതു പരിഗണിക്കാനാവില്ല.

## റസൂലിനോടുള്ള ഗുണകാംക്ഷ

അതു കൊണ്ടുദ്ദേശിക്കുന്നത് റസൂലിന്റെ കൽപനകൾ അനുസരിക്കലും അദ്ദേഹം പറഞ്ഞ മുഴുവൻ കാര്യങ്ങളും സത്യപ്പെടുത്തലും അദ്ദേഹം വിലക്കിയതും അകറ്റിയതുമായ കാര്യങ്ങൾ വർജ്ജിക്കലും അല്ലാഹുവിന്റെ റസൂൽ(ﷺ) മതമായി നിശ്ചയിച്ചപ്രകാരം മാത്രം അവന്ന് ആരാധന നിർവഹിക്കലും അദ്ദേഹം അന്തിമപ്രവാചകനാണെന്ന് വിശ്വസിക്കലുമാണ്. അദ്ദേഹത്തിനു ശേഷം പ്രവാചകത്വം വാദിക്കൽ തികഞ്ഞ അതിക്രമവും കളവും കൃത്രിമവുമാണ്.

നിശ്ചയമായും റസൂലുല്ലാഹി(ﷺ) അനുസരിക്കപ്പെടേണ്ടവനാണ്.

﴿وَمَآ ءَاتَىٰكُمُ ٱلرَّسُولُ فَخُذُوهُ وَمَا نَهَىٰكُمْ عَنْهُ فَٱنتَهُوا۟﴾ الحشر: ٧

'നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക' (59:7).

അതിനാൽ അല്ലാഹുവിന്റെ കൽപനയനുസരിച്ച് നബി(ﷺ) നിർബന്ധമായും സ്നേഹിക്ക പ്പെടണം. മറ്റേതൊരാളെ സ്നേഹിക്കുന്നതിനേക്കാളുമുള്ള സ്നേഹം പ്രവാചകനോടാ യിരിക്കണം. അങ്ങനെ വാജിബും മുസ്തഹബ്ബുമായ നസ്വീഹത്ത് പ്രവാചകനോടുമുണ്ട്.

## മുസ്ലിം സാധാരണക്കാരോടും നേതാക്കളോടുമുള്ള ഗുണകാംക്ഷ

മുസ്ലിം നേതൃത്വത്തിന് അല്ലാഹു നൽകിയതും അല്ലാഹുവിന്റെ റസൂൽ(ﷺ) വിശദീകരിച്ചതുമായ അവകാശങ്ങൾ നൽകലാണത്. നന്മയിൽ അവരെ അനുസരിക്കലും ധിക്കാരകൽപനകളിൽ അവരെ അനുസരിക്കാതിരിക്കലും സത്യത്തിലും സന്മാർഗത്തിലും ധിക്കാരമല്ലെന്ന് ബോധ്യമുള്ള വിഷയങ്ങളിലും അവരോടൊന്നിച്ചുണ്ടായിരിക്കലും അവരോട് ഹൃദയപൂർവം ഇണക്കമുണ്ടായിരിക്കലും ആണത്. ഇതിലും വാജിബും മുസ്തഹബ്ബുമുണ്ട്.

അവർക്കെതിരെ വാളെടുക്കാതിരിക്കലും മുസ്ലിം ഭരണാധികാരിക്ക് ബൈഅത്ത് ചെയ്യലും ഭരണാധികാരിക്ക് ബൈഅത്ത് ചെയ്യാതെ മരണപ്പെടാതിരിക്കലും ധിക്കാരമല്ലാത്ത

[2] مُكَلَّف എന്നാൽ അല്ലാഹുവിന്റെ ശർഇയ്യായ നിയമങ്ങൾക്ക് കീഴടങ്ങി നടക്കുന്നതിന് നിർബന്ധിക്കപ്പെട്ടവൻ.

കൽപനകൾ പാലിക്കലും പുണ്യമല്ലാത്തത് വിലക്കുമ്പോൾ അത് ഒഴിവാക്കലും അല്ലാഹുവിന്നും റസൂലിന്നുമുള്ള അനുസരണമാണ്. എന്നാൽ ഇസ്‌ലാം നിർബന്ധമാക്കിയ കാര്യങ്ങൾക്കെതിരായി നേതാക്കൾ കൽപിച്ചാൽ ആ വിഷയത്തിൽ അവരെ അനുസരിച്ചുകൂടാ. ഐച്ഛികമോ ഇജ്തിഹാദോ ആയ കാര്യങ്ങളിൽ അത് സമൂഹത്തിനും രാഷ്ട്രത്തിനും നന്മയാണെന്നതിനാൽ മുസ്‌ലിം ഇമാമിന്റെ അഭിപ്രായത്തിനു വേണ്ടി മറ്റു വീക്ഷണങ്ങൾ മാറ്റി നിറുത്തപ്പെടുകയാണ് വേണ്ടത്. ഈ വിഷയത്തിൽ അഹ്‌ലുൽഇൽമ് അക്കാര്യം അംഗീകരിച്ചിട്ടുണ്ട്.

അവരോടുള്ള നിങ്ങളുടെ ഗുണകാംക്ഷയിൽ പെട്ടതാണ് അവർക്ക് നിങ്ങൾ സന്ദർഭോചിതം ഉപദേശങ്ങൾ നൽകണമെന്നത്. അതായത് തന്നോട് ബന്ധം പുലർത്തുന്നവരിൽ മതപരമായ വശം വിട്ടുകടക്കുകയോ അവരുടെ പിഴവുകൾ ശ്രദ്ധയിൽ പെടുകയോ ചെയ്താൽ അത് അവരെ ഉണർത്തണം. ഇബ്നു ദക്വീക്വിനെപ്പോലുള്ളവർ പറഞ്ഞത് അങ്ങനെ ചെയ്യേണ്ടത് فرض كفاية ആണെന്നാണ്. അതായത് നേതാവിന്റെ തെറ്റ് തിരുത്താനും ഉണർത്താനും അഹ്‌ലുൽ ഇൽമിലെ ഒരാളെങ്കിലുമുണ്ടെങ്കിൽ എല്ലാവരും അല്ലാഹുവിങ്കൽ രക്ഷപ്പെടും.

അത്തരം സന്ദർഭങ്ങളിൽ ഉപദേശം കിട്ടണമെന്നതും സത്യം അവരുടെ മുമ്പാകെ വ്യക്തമാക്കപ്പെടണമെന്നതും അവരുടെ കണ്ണു തുറപ്പിക്കപ്പെടണമെന്നതും അല്ലാഹു(ﷻ) കൽപിച്ചതും റസൂൽ(ﷺ) കൽപിച്ചതും അവർക്ക് വ്യക്തമാക്കപ്പെടമെന്നതും ഒരു മുസ്‌ലിം ഭരണാധികാരിയുടെ അവകാശമാണ്. അല്ലാഹുവിനെ അനുസരിക്കാൻ അവരെ സഹായിക്കണമെന്നതും അവരെ നേരെ നടത്തണമെന്നതും അവർ പെട്ടുപോയ അനുസരണക്കേട് അവർക്ക് ബോധ്യപ്പെടുത്തപ്പെടണമെന്നതും അവരുടെ അവകാശം തന്നെ.

ഹദീഥിന്റെ വിശദീകരണ ഗ്രന്ഥങ്ങളിൽ നേതാക്കളോടുള്ള സവിശേഷമായ ഈ ഗുണകാംക്ഷക്ക് അറിയപ്പെട്ട തത്വങ്ങളും നിബന്ധനകളും വന്നിട്ടുണ്ട്. ഉദാഹരണത്തിന് ഇബ്നുറജബ്(ﷺ) തന്റെ جامع العلوم والحكم എന്ന ഗ്രന്ഥത്തിൽ അതേക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. ഒരു നേതാവിനോട് ഉപദേശം നൽകേണ്ടവർ സ്വീകരിക്കേണ്ട മര്യാദകളും നിബന്ധനകളും ഇബ്നു അബ്ബാസ്(ﷺ)ും മറ്റുള്ളവരും റിപ്പോർട്ട് ചെയ്തത് അദ്ദേഹം ഉദ്ധരിച്ചു. അതിൽ പെട്ടതാണ് കനിവോടെയും സരളമായ പദങ്ങൾ ഉപയോഗിച്ചു കൊണ്ടുമാകണം ഉപദേശിക്കേണ്ടത് എന്ന്. കാരണം നേതാക്കളുടെ പൊതുവായ ഒരു അവസ്ഥ നല്ല വാക്കുകളല്ലെങ്കിൽ ഉപദേശം അവർക്ക് ഭാരമായിരിക്കും എന്നതാണ്. നല്ല വാക്കുകളല്ലെങ്കിൽ നേതാക്കളല്ലാത്തയാളുകൾ തന്നെ മിക്കവാറും ഉപദേശം സ്വീകരിച്ചു കൊള്ളണമെന്നില്ല. മൂസാനബി(ﷺ)നോടും ഹാറൂൺ(ﷺ)നോടും അല്ലാഹു(ﷻ) പറഞ്ഞു:

﴿ فَقُولَا لَهُۥ قَوۡلٗا لَّيِّنٗا لَّعَلَّهُۥ يَتَذَكَّرُ أَوۡ يَخۡشَىٰ ﴿٤٤﴾ ﴾ طه: ٤٤

‘എന്നിട്ട് നിങ്ങൾ അവനോട് സൗമ്യമായ വാക്ക് പറയുക. അവൻ ഒരു വേള ചിന്തിച്ച് മനസ്സിലാക്കിയേക്കാം. അല്ലെങ്കിൽ ഭയപ്പെട്ടുവെന്ന് വരാം’(20:44).

ഉപദേശം പരുഷമാണെങ്കിൽ അത് തിരസ്കരിക്കപ്പെടാൻ സാധ്യതയുണ്ട്. ഉപദേശകൻ ഉപദേശിക്കപ്പെടുന്നയാളുകളോട് അടിസ്ഥാനപരമായി ഗുണകാംക്ഷിയായിരിക്കണമെന്നത് അറിയപ്പെട്ട കാര്യമാണ്.

നസ്വീഹത്തിന്റെ വ്യാഖ്യാനത്തിൽ അറിവാളന്മാർ പറഞ്ഞതുപോലെ, ഉപദേശിക്കപ്പെടുന്ന നേതാവിന് നന്മ ഉദ്ദേശിക്കലാണ് നസ്വീഹത്ത്. നന്മ ഉദ്ദേശിക്കാനുള്ള മാർഗ മുണ്ടാകുമ്പോഴെല്ലാം ഉപദേശിക്കപ്പെടുന്ന നേതാവിന് നന്മ ലഭ്യമാകും. അതിന്റെ നിബന്ധനകളിൽ പെട്ടതാണ് ഭരണാധികാരിക്ക് ഉപദേശം നൽകുന്നത് രഹസ്യ മായിരിക്കണം, പരസ്യമാകരുത് എന്നുള്ളത്. ഭരണാധികാരിയോടെന്നല്ല വ്യക്തിനിഷ്ഠമായി ഏതൊരാൾക്ക് ഉപദേശം നൽകുന്നതും പരസ്യമാകാതിരിക്കലാണ് നല്ലത്. തിന്മ തടയുക

എന്നത് അടിസ്ഥാനപരമായി പരസ്യമായിട്ടാണ് (ആരെങ്കിലും തിന്മ കണ്ടാൽ കൈ കൊണ്ട് തടയട്ടെ എന്ന ഹദീഥ് ഓർക്കുക), എന്നാൽ ഉപദേശം നൽകുന്നത് അടിസ്ഥാനപരമായി രഹസ്യമായിട്ടാണ് വേണ്ടത്.

നേതാക്കൾക്ക് ഉപദേശം നൽകുന്നതിന്ന് അത് രഹസ്യമായിരിക്കണമെന്ന നിബന്ധനയുണ്ടെന്നതിന്റെ അർത്ഥം ഉപദേശിയുടെ ഭാഗത്ത് അദ്ദേഹമല്ലാതെ മറ്റാരും അക്കാര്യം അറിയുന്നില്ല എന്നാണ്. അദ്ദേഹം താൻ അങ്ങനെ ചെയ്തതും പറഞ്ഞതും മറ്റാരോടും പറയാതിരിക്കുകയും വേണം. കാരണം താൻ നേതാവിനെ ഉപദേശിച്ചത് മറ്റുള്ളവരെ അറിയിക്കണമെന്ന ലക്ഷ്യമായാൽ നിയ്യത്ത് തെറ്റുകയും അക്കാര്യം പരസ്യമായതിനാൽ സ്വീകരിക്കപ്പെടാൻ തടസ്സമുണ്ടാവുകയും ചെയ്യും.

ഈ വിഷയത്തിൽ അഹ്ലുൽ ഇൽമിലെ പലരും സ്വഹീഹാണെന്ന് വിശേഷിപ്പിച്ച പ്രസിദ്ധമായ ഒരു ഹദീഥ് വന്നിട്ടുണ്ട്. നബി(ﷺ) പറഞ്ഞു:

مَنْ أَرَادَ أَنْ يَنْصَحَ لذي سُلْطَانٍ فِي أَمْرٍ ، فَلاَ يُبْدِ لَهُ عَلاَنِيَةً ، وَلَكِنْ لِيَأْخُذْ بِيَدِهِ ، فَيَخْلُوَ بِهِ ، فَإِنْ قَبِلَ مِنْهُ فَذَاكَ ،وإِلاَّ كَانَ قَدْ أَدَّى الَّذِي عَلَيْهِ لَهُ

'ആരെങ്കിലും ഭരണാധികാരമുള്ള വ്യക്തിയെ ഉപദേശിക്കുകയാണെങ്കിൽ അതൊരിക്കലും പരസ്യമാക്കരുത്. മറിച്ച് അദ്ദേഹവുമായി തനിച്ചിരിക്കുകയും അദ്ദേഹത്തിന്റെ അടുത്തു ചെന്ന് കൈകൾ പിടിച്ച് നിർവഹിക്കുക. അങ്ങനെ അത് അദ്ദേഹം സ്വീകരിച്ചാൽ അതാണ് വേണ്ടത്. അല്ലാത്ത പക്ഷം അത് അദ്ദേഹത്തിനെതിരെ ചെയ്ത കാര്യമായാണ് ഭവിക്കുക.'[3]

ഇബ്നു അബ്ബാസ്(ﷺ) ചോദിക്കപ്പെട്ടു: ഒരു നേതാവ് പരസ്യമായി എതിർക്കപ്പെടാമോ? അപ്പോൾ അദ്ദേഹം പറഞ്ഞു: പാടില്ല. മറിച്ച് അത് നീ രഹസ്യമായി കൈകാര്യം ചെയ്യണം.

ഒരിക്കൽ ഉഥാമ ബ്നു സൈദ്(ﷺ)വിന്റെ അരികിൽ ഒരു സംഘം വന്നു. അവർ ചോദിച്ചു: നിങ്ങൾ ഉഥ്മാൻ(ﷺ)വിന്ന് ഉപദേശം നൽകാറുണ്ടോ? അദ്ദേഹത്തെക്കുറിച്ച് ഞങ്ങളുടെ അഭിപ്രായം താങ്കൾക്കറിയില്ലേ? അപ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ ഒരു ഫിത്ത്നയുടെ വാതിൽ തുറക്കാൻ ഉദ്ദേശിക്കുന്നില്ല. അദ്ദേഹത്തിനു നൽകേണ്ടത് ഞാൻ രഹസ്യമായി നൽകിക്കൊള്ളാം. ഇക്കാര്യം സ്വഹീഹുൽ ബുഖാരിയിൽ കാണാം. ഇത് തെളിയിക്കുന്നത് നസ്വീഹത്ത് നൽകേണ്ടത് കഴിവതും രഹസ്യമായിട്ടാവണം എന്നതാണ്. അത് ഉപദേശിക്കപ്പെടുന്നവരുടെ അവകാശമാണ്.

## മുസ്ലിം പൊതുജനങ്ങളോടുള്ള ഗുണകാംക്ഷ

നേതാക്കളല്ലാത്ത മുസ്ലിംകളാണ് ഇവിടെ ഉദ്ദേശിക്കുന്നത്. നേതാക്കൾ എന്നാൽ ഭരണാധികാരികൾ. പണ്ഡിതരിലെ ഇമാമുകൾ ഇവിടെ ഉദ്ദേശിക്കപ്പെടുന്നില്ല. ഇമാമുകൾ എന്നത് ഭരണാധികാരികളെ ഉദ്ദേശിച്ചു കൊണ്ടുള്ള ഒരു സാങ്കേതിക ശബ്ദമാണ്. ولي الأمر എന്ന പ്രയോഗം മുസ്ലിംകളുടെ പൊതുനേതാവ് എന്ന അർത്ഥത്തിലാണ് വിവക്ഷിക്കപ്പെടാറുള്ളത്. അതായത് ഗവർണർമാർ. കാരണം ഖിലാഫത്തു റാശിദയുടെ കാലത്തും മുആവിയ(ﷺ)യുടെ കാലത്തുമെല്ലാം അവരുണ്ട്. കാരണം ആ കാലത്തെ ഗവർണമാർ ജനങ്ങളുടെ ദുനിയാവിന്റെ കാര്യങ്ങളും ദീനിന്റെ കാര്യങ്ങളും ഒരുപോലെ ശ്രദ്ധിച്ചിരുന്നവരായിരുന്നു.

എന്നാൽ പിൽക്കാലത്ത് പണ്ഡിതർ പറഞ്ഞു: ഉലമാക്കളും ഉമറാക്കളും ഒരുപോലെ അതിൽ പരിഗണിക്കപ്പെടും. ഉമറാഅ് (നേതാക്കൾ) ജനങ്ങളുടെ പൊതുകാര്യങ്ങളിൽ നേതൃത്വം

[3] ശൈഖ് അൽബാനി(ﷺ) ഈ ഹദീസ് صحيح لغيره ആണെന്ന് അദ്ദേഹത്തിന്റെ ظلال الجنة في تخريج السنة لابن أبي عاصم എന്ന ഗ്രന്ഥത്തിൽ(1097) പ്രസ്താവിച്ചിരിക്കുന്നു.

നൽകുന്നവരും ഉലമാഅ് (പണ്ഡിതർ) ദീനീകാര്യങ്ങളിൽ നേതൃത്വം നൽകുന്നവരുമാണ്. അപ്പോൾ നേതാക്കൾ എന്നതിൽ ഇരുകൂട്ടരും ഉൾപ്പെടും. കാരണം പിന്നീട് ഉമവീ ഭരണം വ്യാപിച്ചപ്പോഴേക്കും പണ്ഡിതന്മരല്ലാത്തവർ നേതൃത്വത്തിലെത്തുന്ന അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. അബ്ബാസീ കാലത്തും അങ്ങനെത്തന്നെ. പിന്നീടുള്ള കാലങ്ങളിലും അങ്ങനെത്തന്നെ.

അപ്പോൾ മുസ്‌ലിം നേതാക്കളോടുള്ള ഗുണകാംക്ഷ കൊണ്ട് ഈ ഹദീഥിൽ ഉദ്ദേശിക്കുന്നത് പൊതുവായ ഭരണകാര്യങ്ങൾ ഏറ്റെടുത്ത നേതാക്കൾ തന്നെ. എന്നാൽ മതനേതാക്കളോടും ഗുണകാംക്ഷയുണ്ടാകണം. അവർക്കും അവകാശങ്ങളുണ്ട്. അവരോടുള്ള ഗുണകാംക്ഷ അവരുടെ ദീനീവിജ്ഞാനവും ജനങ്ങൾക്ക് നന്മയും അറിവും പകർന്നു കൊടുക്കുന്നതും പരിഗണിച്ച് അവരെ സ്നേഹിക്കണമെന്നതും മതകാര്യങ്ങളിൽ അവർ പറയുന്നതിൽ അവർക്ക് പിന്തുണ കിട്ടണമെന്നതുമാണ്. അതേപ്രകാരം അവരും അവരുടെ അഭിമാനവും സംരക്ഷിക്കപ്പെടണം. സത്യവിശ്വാസികളിൽ മറ്റാരെ സ്നേഹിക്കുന്നതിനേക്കാൾ അവരെ സ്നേഹിക്കണം. സത്യവിശ്വാസികളുടെ പരസ്പരബന്ധത്തെ സംബന്ധിച്ച് അല്ലാഹു പറയുന്നു:

﴿ وَٱلْمُؤْمِنُونَ وَٱلْمُؤْمِنَٰتُ بَعْضُهُمْ أَوْلِيَآءُ بَعْضٍ ﴾ التوبة: ٧١

‘സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്രങ്ങളാകുന്നു’ (9:71).

അതായത് അവർ പരസ്പരം സ്നേഹിക്കണം. പരസ്പരം സഹായിക്കണം. സത്യ വിശ്വാസികളിൽ വച്ച് ഉന്നതമായ ഈമാനുണ്ടാവുക അറിവിൽ അടിയുറച്ച വർക്കാണെന്നുള്ളത് അറിയപ്പെട്ട കാര്യമാണ്, അതായത് അറിവു നേടുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക്. അതിനാൽ അല്ലാഹു പറയുന്നു:

﴿ يَرْفَعِ ٱللَّهُ ٱلَّذِينَ ءَامَنُوا۟ مِنكُمْ وَٱلَّذِينَ أُوتُوا۟ ٱلْعِلْمَ دَرَجَٰتٍ ﴾ المجادلة: ١١

‘നിങ്ങളിൽ നിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ് ’ (58:11).

അപ്പോൾ പണ്ഡിതന്മാരോടുള്ള നസ്വീഹത്ത് അവരെ സ്നേഹിക്കുക, അവരുടെ അഭിമാനം സംരക്ഷിക്കുക, അവർ പഠിപ്പിക്കുന്ന വിജ്ഞാനം സ്വീകരിക്കുക അവരുടെ സവിശേഷമായ നിലയും വിലയും സംരക്ഷിക്കുക. അവരിൽ നിന്ന് ലഭിക്കുന്ന വിജ്ഞാനം പ്രചരിപ്പിക്കുക, മതം പ്രചരിപ്പിക്കുക തുടങ്ങിയവയാണ്. അതെല്ലാം അവരോടുള്ള നിർബന്ധ ബാധ്യതകളാണ്. കാരണം സമുദായത്തിൽ അവർക്ക് മഹത്തായ സ്ഥാനമാണുള്ളത്. അറിവാളന്മാർ അന്യായമായി ആക്ഷേപിക്കപ്പെടുകയോ അവരോടുള്ള അനിവാര്യമായ ഗുണകാംക്ഷ പുലർത്തപ്പെടാതിരിക്കുകയോ ആണെങ്കിൽ അതിന്റെയർത്ഥം ജന മനസ്സുകളിൽ മതനിയമങ്ങളെ സംബന്ധിച്ചുള്ള മഹത്വധാരണയും ആദരവും ദുർബല മായിപ്പോകുമെന്നതാണ്.

മുസ്‌ലിം സാധാരണക്കരോടുള്ള ഗുണകാംക്ഷ കൊണ്ട് അർത്ഥമാക്കുന്നത് അവർക്ക് ദുനിയാവിന്റേയും പരലോകത്തിന്റേയും കാര്യത്തിൽ കൃത്യമായ മാർഗദർനം ലഭിക്കണമെന്നാണ്. നന്മയിലും സന്മാർഗത്തിലും അവരോട് പരസ്പരം സഹായിക്കണം. തിന്മയിലും ശത്രുതയിലും പരസ്പരം സഹായിക്കാതിരിക്കണം. അവർക്ക് സത്യം വ്യക്തമാക്കപ്പെടുകയും ആവശ്യമായ ഉപദേശനിർദ്ദേശങ്ങൾ ലഭിക്കുകയും വേണം. ഇഹത്തിലും പരത്തിലും അവർക്ക് ഗുണകരമായി ഭവിക്കുന്ന കാര്യങ്ങളിലേക്ക് അവർ തെളിക്കപ്പെടണം. വാക്കുകൊണ്ടും പ്രവർത്തനം കൊണ്ടുമുള്ള ഗുണകാംക്ഷയിലൂടെയാണ് അത് നേടേണ്ടത്. അവരുടെ തിന്മകൾ ഫലപ്രദമായി തടയണം. മതപരമായ ശാസനകളും ശിക്ഷാവിധികളും പോലും അവരോടുള്ള കാരുണ്യമാണ്. ഇതെല്ലാം കരുണയിൽ അധിഷ്ഠതമായാണ് നിർവഹിക്കേണ്ടത്.

മുസ്‌ലിം സാധാരണക്കരോടുള്ള ഗുണകാംക്ഷ അല്ലാഹുവിന്റെ ശരീഅത്ത് അവരെ പഠിപ്പിക്കലും അവരുടെ അവകാശങ്ങൾ അവർക്ക് നൽകലുമാണ്. അവർ നിങ്ങളുടെ

കീഴിലാണെങ്കിൽ കഴിയുന്നത്ര അല്ലാഹുവിന്റെ കൽപനകൾ അവരിൽ നിർബന്ധിക്കണം. ഇനി അവരിൽ അതിന്നു വിരുദ്ധമായത് സംഭവിച്ചാൽ അവരെ ഇസ്‌ലാഹ് ചെയ്യണം (നന്മ വരുത്തണം). തെളിവു കൊണ്ട് അവർക്ക് മാർഗദർശനം നൽകണം. സന്ദർഭോചിതം അതിന്നു വേണ്ടത് ചെയ്യണം.

ഒരു മുസ്‌ലിമിന്ന് മറ്റൊരു മുസ്‌ലിമിനോടുള്ള എല്ലാ അവകാശങ്ങളും മുസ്‌ലിം പൊതുജനങ്ങളോടുള്ള നസ്വീഹത്തിന്റെ പരിധിയിൽ വരും. അപ്പോൾ നസ്വീഹത്ത് (ഗുണകാംക്ഷ) എന്ന പദം മതപരമായി അല്ലാഹുവിന്നും കിത്താബിന്നും റസൂലിന്നും മസ്‌ലിം നേതൃത്വത്തിന്നും പൊതുജനങ്ങൾക്കുമുള്ള മുഴുവൻ അവകാശങ്ങളും കടന്നു വരുന്ന സമഗ്രമായ ഒരു പദമാണ്. അത് സമഗ്രവും മഹത്തരവുമായ ഒരു പദമാണ്. ഗുണകാംക്ഷ നിർവഹിക്കുന്നവർക്ക് ഇഹത്തിലും പരത്തിലുമുള്ള നന്മ ഉൾക്കൊള്ളുന്ന മുഴുവൻ അവകാശങ്ങളും അത് ഒരുമിച്ചു ചേർക്കുന്നുണ്ട്. അല്ലാഹുവിന്റെ ഏതു കൽപനയിൽ അതിരു വിടുന്നതും അനിവാര്യമായ നസ്വീഹത്തിലെ അതിരുവിടൽ തന്നെയാണ്.

അല്ലാഹു സഹായിക്കുമാറാകട്ടെ.

**അവലംബം:** شرح الاربعين النووية